പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1666 | 08-06-2018-ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം കാർഷിക വിളകളെയാണ് വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | (എ) നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഓരോ കാർഷിക വിളയുടേയും വാർഷിക പ്രീമിയം തുക എത്രയെന്നും ലഭിക്കുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) വിശദാംശങ്ങൾ അനുബന്ധം I-എ, അനുബന്ധം I-ബി-യിൽ ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയിൽ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ടെന്ന് ഓരോ കാർഷിക വിളയിനം തിരിച്ച് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതിയിൽ 176644 കർഷകർ അംഗമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - II ൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

RG.

## അനുബന്ധം 1(എ)

| നമ്പർ | വിളകൾ | അടയ്ക്കേണ്ട പ്രീമിയം | നഷ്ട പരിഹാരതോത് |
|---|---|---|---|
| 1 | തെങ്ങ് | തെങ്ങൊന്നിന് 2 രൂപ 1 വർഷത്തേക്ക് 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് 5 രൂപ | തെങ്ങൊന്നിന് 2,000 രൂപ |
| 2 | കമുക് | ഒരു മരത്തിന് 1 വർഷത്തേക്ക് 1.50 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 3 രൂപ | ഒരു മരത്തിന് 200 രൂപ |
| 3 | റബ്ബർ | ഒരു മരത്തിന് 1 വർഷത്തേക്ക് 3 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 7.50 രൂപ | ഒരു മരത്തിന് 1000 രൂപ |
| 4 | കശുമാവ് | ഒരു മരത്തിന് 1 വർഷത്തേക്ക് 3 രൂപ. 3 വർഷത്തേക്ക് 7.50 രൂപ | ഒരു മരത്തിന് 750 രൂപ |
| 5 | വാഴ | ഒരു വാഴയ്ക്ക് 3 രൂപ | |
| എ | ഏത്തൻ,കപ്പ | | എ) കലയ്ക്കാത്തതിന് 150 രൂപ |
| ബി | ഞാലിപ്പൂവൻ | | ബി) കലയ്ക്കാത്തതിന് 100 രൂപ |
| സി | മറ്റിനങ്ങൾ | | സി) കലയ്ക്കാത്തതിന് 50 രൂപ |
| | | | എ) കലച്ചതിന് 300 രൂപ |
| | | | ബി) കലച്ചതിന് 200 രൂപ |
| | | | സി) കലച്ചതിന് 75 രൂപ |
| 6 | മരച്ചീനി | 0.02 ഹെക്ടറിന് 3 രൂപ | ഹെക്ടർ ഒന്നിന് 10,000 രൂപ |
| 7 | കൈതച്ചക്ക | 0.02 ഹെക്ടറിന് 37.50 രൂപ | ഹെക്ടർ ഒന്നിന് 50,000 രൂപ |
| 8 | കുരുമുളക് | ഒരു താങ്ങു മരത്തിലുള്ളതിന് 1 വർഷത്തേക്ക് രൂപ.1.50. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 3 രൂപ | ഓരോ താങ്ങു മരത്തിലും ഉള്ളതിന് രൂപ 200 വീതം |
| 9 | ഏലം | ഒരു വർഷത്തേക്ക് ഹെക്ടറിന് 1500 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 3,750 രൂപ | ഹെക്ടർ ഒന്നിന് 60,000 രൂപ |
| 10 | ഇഞ്ചി | 0.02 ഹെക്ടറിന് 15 രൂപ | ഹെക്ടർ ഒന്നിന് 80,000 രൂപ |
| 11 | മഞ്ഞൾ | 0.02 ഹെക്ടറിന് 15 രൂപ | ഹെക്ടർ ഒന്നിന് 60,000 രൂപ |
| 12 | കാപ്പി . | ഒരു ചെടിക്ക് ഒരു വർഷത്തേക്ക് 1.50 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 3 രൂപ | ഒരു മരത്തിന് 350 രൂപ |
| 13 | തേയില | ഹെക്ടർ ഒന്നിന് 1 വർഷത്തേക്ക് 1,500 രൂപ. 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 3,750 രൂപ | ഹെക്ടർ ഒന്നിന് 70,000 രൂപ ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ |

| | | | |
|---|---|---|---|
| | | | ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| 14 | കൊക്കോ | 1.50 രൂപ 1 മരത്തിന് 1 വർഷത്തേക്ക്, 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 3 രൂപ | ഒരു മരത്തിന് 300 രൂപ |
| 15 | നിലക്കടല | 0.1 ഹെക്ടറിന് 37.50 രൂപ | ഹെക്ടർ ഒന്നിന് 12,000 രൂപ |
| 16 | എള്ള് | 0.01 ഹെക്ടറിന് 37.50 രൂപ | ഹെക്ടർ ഒന്നിന് 12,500 രൂപ |
| 17 | പച്ചക്കറി (പന്തലുള്ളവയു ം പന്തലില്ലാത്ത വയും) | 10 സെന്റിന് 10 രൂപ | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് 25,000 രൂപ പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് 40,000 രൂപ |
| 18 | ജാതി | 1 വർഷത്തേക്ക് 1 മരത്തിന് 3 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 7.50 രൂപ | 3,000 രൂപ ഒരു മരത്തിന് |
| 19 | ഗ്രാമ്പു | 1 വർഷത്തേക്ക് 1 മരത്തിന് 3 രൂപ 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 7.50 രൂപ | 1,000 രൂപ ഒരു മരത്തിന് |
| 20 | വെറ്റില | 1 വർഷത്തേക്ക് സെന്റൊന്നിന് 7.50 രൂപ | സെന്റൊന്നിന് 1000 രൂപ |
| 21 | പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടറിന് 19 രൂപ | ഹെക്ടറിന് 10,000 രൂപ |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | 7.50 രൂപ ചേന, 4.50 മധുരക്കിഴങ്ങ് | ചേന ഹെക്ടറിന് 35,000 രൂപ, മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് 15000 രൂപ |
| 23 | കരിമ്പ് | 0.10 ഹെക്ടറിന് 90 രൂപ | ഹെക്ടറൊന്നിന് 50,000 രൂപ |
| 24 | പുകയില | 0.02 ഹെക്ടറിന് 3 രൂപ | ഹെക്ടറൊന്നിന് 20,000 രൂപ |
| 25 | നെല്ല് | 0.10 ഹെക്ടറിന് 25 രൂപ | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപ 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35,000 രൂപ കീടരോഗബാധകൃഷിഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

## അനുബന്ധം 1 (ബി)

ദീർഘകാല വിളകൾക്ക് നട്ടുന്നത് മുതൽ കായ്ച്ച് തുടങ്ങുന്നതു വരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം

| | | | |
|---|---|---|---|
| 1 | തെങ്ങ് | തെങ്ങൊന്നിന് 1 വർഷത്തേക്ക് 1 രൂപ, 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് 2 രൂപ | ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒരെണ്ണത്തിന് 200 രൂപ 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 400 രൂപ |
| 2 | കമുക് | 3 വർഷത്തേക്ക് ഒരെണ്ണത്തിന് 1.50 രൂപ വീതം | 3 വർഷം വരെ ഒരെണ്ണത്തിന് 50 രൂപ<br>3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 80 രൂപ |
| 3 | റബ്ബർ | 3 വർഷത്തേക്ക് ഒരെണ്ണത്തിന് 1.50 രൂപ വീതം | 3 വർഷം വരെ ഒരെണ്ണത്തിന് 200 രൂപ, 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 600 രൂപ |
| 4 | കശുമാവ് | 3 വർഷത്തേക്ക് 5 എണ്ണത്തിന് 4.50 രൂപ | 3 വർഷം വരെ ഒരെണ്ണത്തിന് 100 രൂപ |
| 5 | കുരുമുളക് | 15 താങ്ങു മരങ്ങളിലുള്ളതിന് 1 വർഷത്തേക്ക് രൂപ.7.50.<br>3 വർഷം ഒന്നിച്ചടച്ചാൽ 15 രൂപ | ആദ്യത്തെ 2 വർഷം ഒരു താങ്ങു മരത്തിനുള്ളതിന് 50 രൂപ, 2 വർഷം മുതൽ 4 വർഷം വരെ 100 രൂപ |

(ഒപ്പ്)

സൈമൺ രാജീവ്

## അനുബന്ധം-II

| വിള ഇനം | അംഗങ്ങളുടെ എണ്ണം |
|---|---|
| നെല്ല് | 110962 |
| വാഴ | 20287 |
| റബ്ബർ | 3474 |
| പച്ചക്കറികൾ | 4919 |
| തെങ്ങ് | 29360 |
| അടയ്ക്ക | 3956 |
| കുരുമുളക് | 1773 |
| ഇഞ്ചി | 186 |
| മഞ്ഞൾ | 192 |
| മരച്ചീനി | 334 |
| കശുമാവ് | 392 |
| കൊക്കോ | 36 |
| മറ്റുവിളകൾ | 66 |
| ജാതി | 371 |
| വെറ്റില | 262 |
| ഏലം | 11 |
| പയറു വർഗ്ഗങ്ങൾ | 18 |
| എള്ള് | 6 |
| കൈതച്ചക്ക | 39 |
| ആകെ | 176644 |

സെക്ഷൻ ഓഫീസർ